സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.നം.16782/17/ശബ

ദേവസ്വം കമ്മീഷണർ ആഫീസ്,
തിരുവനന്തപുരം: 10/10/2017.

## ബലിത്തറ കെട്ടി പിതൃപൂജ നടത്തുന്നതിന്

കൊല്ലവർഷം 1193 (2017-2018) ലെ മണ്ഡലം മകരവിളക്ക്,മേടവിഷു, മാസപൂജ മഹോത്സവങ്ങളോടനുബന്ധിച്ച് 1193 വൃശ്ചികം 1 മുതൽ 1193 മകരം 5 വരേയും തുടർന്ന് 1194 തുലാം 30 വരേയും ഉള്ള കാലയളവിലേയ്ക്ക് പമ്പയിൽ നിശ്ചിത സ്ഥലത്ത് ബലിത്തറകളുടെ അവകാശം നൽകി പിതൃപൂജ നടത്തുന്നതിനു പുരോഹിതരാകുവാൻ താൽപര്യമുള്ള ഹിന്ദുക്കളിൽ നിന്നും പ്രത്യേകം അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ 01/01/2017 ൽ 18 നും 65 നും മദ്ധ്യേ പ്രായമുള്ളവരും 8 ക്ലാസ് പാസ്സായിട്ടുള്ളവരും ആയിരിക്കണം. അപേക്ഷയിൽ 6 മാസത്തിനകം എടുത്തിട്ടുള്ള പാസ്സ്പോർട്ട് സൈസ് ഫോട്ടോയും, 10 രൂപയുടെ ദേവസ്വം സ്റ്റാമ്പും പതിച്ചിരിക്കണം. വയസ്സ്, വിദ്യാഭ്യാസ യോഗ്യത, ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും തന്ത്രിയിൽ നിന്നുള്ള മുൻ പരിചയ സർട്ടിഫിക്കററ് (തന്ത്രിയുടെ പൂർണ്ണമായ മേൽ വിലാസവും ടെലഫോൺ നമ്പരും, ഏതു ദേവസ്വത്തിന്റെ താന്ത്രിക അവകാശമാണു എന്നതും സർട്ടിഫിക്കററിൽ പൂർണ്ണമായും രേഖപ്പെടുത്തിയിരിക്കണം.) ക്രിമിനൽ കേസ്സിൽ ഉൽപ്പെട്ടില്ലായെന്ന് തെളിയിക്കുന്നതിന് ക്രൈം ബ്രാഞ്ച് എ.ഡി.ജി.പിയുടെ കീഴിലുള്ള എസ്.സി.ആർ.ബി -യിൽ നിന്നോ ,ജില്ലാ പോലീസ് മേധാവിയുടെ കീഴിലുള്ള ഡി.സി.ആർ.ബിയിൽ നിന്നോ ലഭ്യമാക്കിയ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ സഹിതം അപേക്ഷകൻ 20.10.2017-ൽ വൈകുന്നേരം 5.00 മണിക്ക് മുമ്പായി ദേവസ്വം കമ്മീഷണർ,തിരുവിതാംകൂർ ദേവസ്വം ബോർഡ് നന്തൻകോട്, തിരുവനന്തപുരം-695003 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം, വിശദാംശങ്ങൾ ഈ ആഫീസിൽ നിന്നും ശബരിമല എക്സിക്യൂട്ടീവ് ആഫീസിൽ നിന്നും അറിയാവുന്നതാണ്.(0471-2314288).

(ഒപ്പ്)
ദേവസ്വം കമ്മീഷണർ